©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം, വ്യാഴം
Thiruvananthapuram, Thursday

2025 നവംബർ 06
06th November 2025
1201 തുലാം 20
20th Thulam 1201
1947 കാർത്തികം 15
15th Karthika 1947

നമ്പർ
No.
3947

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 60/2025/തസ്വഭവ.

എസ്. ആർ. ഒ. നമ്പർ 1282/2025

തീയതി, തിരുവനന്തപുരം, *2025 നവംബർ, 5*
1201 തുലാം, 19
1947 കാർത്തികം, 14.

കോട്ടയം പ്രദേശത്തെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ദീർഘ വീക്ഷണ കാഴ്ച്ചപ്പാടോടുകൂടി സമീപ പ്രദേശത്തെ വികസനം ആസൂത്രണം ചെയ്യുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനും വേണ്ടി 2020 മേയ് 14-ാം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തീയതിയിൽ സ.ഉ.(കൈ)നം.80/2020/തസ്വഭവ. ഉത്തരവ് പ്രകാരം കോട്ടയം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതിനാലും;

നിലവിലെ വികസന സാഹചര്യം കണക്കിലെടുത്തും, മാസ്റ്റർ പ്ലാൻ നിലവിൽ വന്നിട്ട് പത്തുവർഷം കഴിയുന്നതിനു മുൻപ് പുതുക്കണമെങ്കിൽ സർക്കാരിന്റെ അനുമതിയോടുകടി ആയിരിക്കണമെന്നും ഉള്ള സാഹചര്യം കണക്കിലെടുത്തും, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 50-ാം വകുപ്പ് പ്രകാരം, പുനരവലോകനം ചെയ്യുന്നതിനും ആവശ്യമായ വ്യതിയാനം വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലും;

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 40-ാം വകുപ്പ് പ്രകാരം, സർക്കാരിന് ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച് ഒന്നിൽ കൂടുതൽ മുനിസിപ്പൽ കോർപ്പറേഷന്റെയോ മുനിസിപ്പൽ കൗൺസിലിന്റെയോ ഗ്രാമപഞ്ചായത്തിന്റെയോ പ്രദേശം മുഴുവനുമായോ ഭാഗികമായോ ഉൾപ്പെടുന്ന ഒരു പ്രദേശത്തെ, അവർക്ക് കൂട്ടായ താൽപര്യമോ കൂട്ടായ ഉത്തരവാദിത്വമോ ഉള്ള പ്രദേശത്തിന്റെ ഫലപ്രദമായ ആസൂത്രണത്തിന്റെ ആവശ്യത്തിനായി ജോയിന്റ് ആസൂത്രണ പ്രദേശമായി ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി പ്രഖ്യാപിക്കാവുന്നതിനാലും;

കോട്ടയം നഗരസഭ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിക്കുവാൻ സർക്കാർ തീരുമാനിച്ചതിനാലും;

ഇപ്പോൾ, അതിനാൽ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 40-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്, കോട്ടയം നഗരസഭ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങളുടെ ഫലപ്രദമായ ആസൂത്രണം നിർവ്വഹിക്കുന്നതിനായി പ്രസ്തുത പ്രദേശങ്ങളെ ഉൾപ്പെടുത്തി ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുന്നു.

മേൽപ്പറഞ്ഞ ജോയിന്റ് ആസൂത്രണ പ്രദേശത്തിന്റെ അതിരുകൾ താഴെ പറയുന്നവയാണ്, അതായത്:-

വടക്ക്: ഏറ്റുമാനൂർ നഗരസഭ, അതിരംപുഴ ഗ്രാമപഞ്ചായത്ത്

കിഴക്ക്: അയർക്കുന്നം, വാകത്താനം, മണർകാട്, പുതുപ്പള്ളി ഗ്രാമപഞ്ചായത്തുകൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തെക്ക്: കുറിച്ചി, നീലംപേരൂർ ഗ്രാമപഞ്ചായത്തുകൾ

പടിഞ്ഞാറ്: തിരുവാർപ്പ്, അയ്മനം, ആർപ്പൂക്കര പഞ്ചായത്തുകൾ

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

അനുപമ ടി. വി.,

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കോട്ടയം പ്രദേശത്തിന്റെ സുസ്ഥിരവികസനം എന്ന പ്രധാന ലക്ഷ്യത്തിനായി കോട്ടയം നഗരസഭ, പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്, വിജയപുരം ഗ്രാമപഞ്ചായത്ത് എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 40-ാം വകുപ്പ് പ്രകാരം ഒരു ജോയിന്റ് ആസൂത്രണ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.06 05:45:41 +05:30